(സി) മാസ്റ്റർ പ്ലാൻ അനുസൃതമായി നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമേ പാടുള്ളൂ എന്നുള്ള വ്യവസ്ഥയിലാണ് വനഭൂമി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും ദേവസ്വം ബോർഡിന് കൈമാറിയിട്ടുള്ളത്.

(ഡി) ശബരിമല ക്ഷേത്ര സമുച്ചയത്തിന് ചുറ്റുമുള്ളതും പരമ്പരാഗത പാതയ്ക്കിരുവശമുള്ളതും പമ്പ ഗണപതിക്ഷേത്രത്തിന് സമീപമുള്ളതുമായ ഭൂമിയാണ് സ്വതന്ത്രമായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് നടപടികൾ സ്വീകരിക്കാൻ കഴിയുന്നത്.

(ഇ) ശബരിമല മാസ്റ്റർ പ്ലാൻ അനുശാസിക്കുന്ന പ്രകാരമുള്ള പ്രവർത്തനങ്ങൾ മാത്രമേ നടത്തുവാൻ പാടുള്ളൂ എന്ന വ്യവസ്ഥയിലാണ് വനഭൂമി ദേവസ്വം ബോർഡിന് കൈമാറിയിട്ടുള്ളത്.

(എഫ്) മാസ്റ്റർപ്ലാനിന് അനുസൃതമായ പ്രവർത്തനങ്ങൾക്ക് വനം വകുപ്പിൽ നിന്നും എതിർപ്പുണ്ടായിട്ടില്ല.

(ജി) വനം വകുപ്പിന്റെയും ദേവസ്വം ബോർഡിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായും, ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും ഹൈപ്പവർ കമ്മിറ്റി (എച്ച്.പി.സി.) രൂപീകരിച്ചിട്ടുണ്ട്. ഹൈപ്പവർ കമ്മിറ്റിയിൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അംഗമാണ്.

പമ്പാ നദിയിലെ മലിനീകരണം

148 (837) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാനദിയിൽ ശബരിമല ഭക്തന്മാർ വസ്തുക്കൾ നിക്ഷേപിക്കുന്നത് തടയണമെന്ന ബഹു.ഹൈക്കോടതി നിർദ്ദേശം നടപ്പാക്കുന്നതിനായി എന്തു മുൻകരുതൽ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി മുൻ കാലങ്ങളിലെപ്പോലെ ലേലം വിളിച്ചു ആളെ ചുമതലപ്പെടുത്തിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പമ്പാനദിയിൽ വസ്തുക്കൾ ഉപേക്ഷിക്കുന്നത് കുറ്റകരമാണെന്ന ബഹു. ഹൈക്കോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെടുത്തി പൊതുജനങ്ങളിൽ അവബോധം വളർത്തുന്നതിനും അത്തരം പ്രവർത്തനം തടയുന്നതിനുമായി കേരളം, തമിഴ്നാട്, ആന്ധ്ര, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ അതാത് സംസ്ഥാനങ്ങളുടെ മാതൃഭാഷകളിൽ അവബോധന അറിയിപ്പുകൾ ദേശീയ മാധ്യമമായ ദൂരദർശൻ വഴി

LIBRARY ARCHIVES Kerala Legislative Assembly

പ്രക്ഷേപണം ചെയ്യുന്നതിന് നടപടി കൈക്കൊണ്ടു. ഇതേ അറിയിപ്പുകൾ കേരളത്തിൽ തെരഞ്ഞെടുത്ത റെയിൽവേ സ്റ്റേഷനുകളിലും പ്രദർശനത്തിനായി നൽകുകയുണ്ടായി. ആയത് തിരുവനന്തപുരം, കൊല്ലം, കോട്ടയം, ചെങ്ങന്നൂർ, തിരുവല്ല, എറണാകുളം, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട് എന്നീ റയിൽവേ സ്റ്റേഷനുകളിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. കൂടാതെ ആൾ ഇന്ത്യാ റേഡിയോയിലും ഈ സന്ദേശങ്ങൾ പൊതുജന ബോധവൽക്കരണത്തിനായി പ്രക്ഷേപണം ചെയ്യുന്നതിനായി നടപടി കൈക്കൊണ്ടു. കൂടാതെ പമ്പയിലെത്തുന്ന ഭക്തർക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനായി എൻ.എസ്.എസ്. വോളന്റിയർമാരെയും പമ്പാ കുളിക്കടവിൽ നിയോഗിച്ചിട്ടുണ്ട്. പമ്പാ പോലീസുമായി ചേർന്ന് വസ്തും പമ്പയിൽ ഉപേക്ഷിക്കുന്നവരെ കണ്ടുപിടിച്ച് താക്കീത് ചെയ്യുന്നതിനും ലംഘിക്കുന്നതിന്റെ ഭവിഷ്യത്തുകൾ മനസ്സിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രദർശന ബോർഡുകൾ, കൂടുതൽ തീർത്ഥാടകർ വരുന്ന സ്ഥലങ്ങളിൽ വാഹനം ഉപയോഗിച്ചുള്ള പരസ്യങ്ങൾ എന്നിവ നടത്തുന്നുണ്ട്. കൂടാതെ അയ്യപ്പൻമാർ ഉപേക്ഷിക്കുന്ന വസ്തുക്കൾ നീക്കം ചെയ്യുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന രീതിയിൽ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ആവശ്യമായ തൊഴിലാളികളെ നിയോഗിക്കുകയും വസ്തും ഉപേക്ഷിക്കണമെന്നുള്ളവർക്ക് ഉപേക്ഷിക്കുന്നതിലേയ്ക്കായി പമ്പാ മണൽ പുറത്ത് ബിന്നുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ബഹു. കേരള ഹൈക്കോടതിയുടെ 16-10-2015-ലെ വിധിന്യായം ലഭിച്ചതിനെ തുടർന്ന് തൽവർഷം ടി ഇനം ടെൻഡർ ചെയ്ത് നൽകിയിട്ടില്ലാത്തതാണ്. അയ്യപ്പ ഭക്തൻമാർ പമ്പാ നദിയിൽ വസ്തും ഉപേക്ഷിക്കുന്നത് തടയുക എന്നതാണ് തൽവർഷം സ്വീകരിച്ചിട്ടുള്ള നിലപാട്. വിലക്കുകളെ മറികടന്ന് ഉപേക്ഷിക്കപ്പെടുന്ന വസ്തും നീക്കം ചെയ്യുന്നതിന് പ്രത്യേക തൊഴിലാളികളെ നിയോഗിച്ചിട്ടുള്ളതായി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

ശബരിമലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

149 (838) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലകാല തീർത്ഥാടനത്തോടനുബന്ധിച്ച് ശബരിമലയിൽ ദേവസ്വം വകുപ്പു മുഖേന നടപ്പിലാക്കിയ പരിഷ്കാരങ്ങൾ വിശദമാക്കാമോ;

(ബി) ഇതിനായി എത്ര രൂക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) സന്നിധാനവും പരിസരവും മാലിന്യരഹിതമാക്കുന്നതിനുള്ള മുൻകരുതൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly